മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ലഭിക്കുന്ന സഹായം

98 (3027)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സാമ്പത്തിക സഹായം ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ടവർക്കാണ് അനുവദിക്കാറുള്ളത്;

(ബി) മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ ഏതെങ്കിലും കാര്യങ്ങൾക്ക് പ്രത്യേകാനുമതി നൽകാറുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് ഇപ്രകാരം അനുവദിക്കാറുള്ളത്?

ഉത്തരം

(എ) വാർഷിക വരുമാനം 20,000/- രൂപയിൽ കവിയാത്തവരും രോഗംകൊണ്ടും, ദാരിദ്ര്യംകൊണ്ടും ദുരിതം അനുഭവിക്കുന്നവരുടെ ചികിത്സക്കായി പരമാവധി 5,000/- രൂപ (അയ്യായിരം രൂപ) വരെയും, അപകടമരണം സംഭവിച്ച വ്യക്തിയുടെ ആശ്രിതർക്ക് മുതിർന്നവർക്ക് 10,000/- രൂപ (പതിനായിരം രൂപ)വരെയും, പ്രായപൂർത്തിയാകാത്തവർക്ക് 4,000/- രൂപ (നാലായിരം രൂപ) വരെയും, വസ്തു വകകളുടെയും വളർത്തുമൃഗങ്ങളുടെയും നാശനഷ്ടത്തിന് പരമാവധി 2,000/- രൂപ (രണ്ടായിരം രൂപ) വരെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുവരുന്നു.

(ബി)&(സി) ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയെ സംബന്ധിക്കുന്ന നിയമാവലിയുടെ 12-ാം വകുപ്പിലെ കുറിപ്പു പ്രകാരം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും, അപകടമരണം സംഭവിക്കുന്ന വ്യക്തികളുടെ കുടുംബത്തിന്, വർഗ്ഗീയ കലാപത്തിൽ നാശനഷ്ടങ്ങൾക്ക് ഇരയാകുന്നവർക്ക്, പോലീസ് വെടിവെയ്പ്പിൽ മരണമടയുന്നവരുടെ ആശ്രിതർക്ക്, ദാരിദ്ര്യംമൂലം ദുരിതം അനുഭവിക്കുന്നവർക്ക് സൗജന്യ റേഷൻ നൽകുന്നതിന് തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടി അനുവദിക്കാവുന്നതാണ്. ശബരിമല ദുരന്തം, ലാത്തൂർ ഭൂകമ്പം, ഉത്തർ പ്രദേശ് ഉരുൾപൊട്ടൽ, ആന്ധ്രാപ്രദേശിലെ കൊടുങ്കാറ്റ് തുടങ്ങിയവയിലെ ദുരിതബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് മന്ത്രിസഭയുടെ അനുമതിയോടുകൂടി മറ്റു പ്രധാന സംഭവങ്ങളിലെ ദുരിത നിവാരണത്തിനുവേണ്ടിയും സഹായം അനുവദിക്കാറുണ്ട്.

പട്ടികവർഗ്ഗക്കാർക്ക് ഉപസംവരണം

99 (3028)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗ സംവരണത്തിൽ പട്ടികജാതി വർഗ്ഗങ്ങൾക്കുണ്ടായിരുന്ന ഉപസംവരണ വ്യവസ്ഥ 6.2.1957-ൽ ഗവൺമെന്റ് നിറുത്തൽ ചെയ്തത് കാരണം നൂറിൽപ്പരം അവാന്തര വിഭാഗങ്ങളിലായി അറിയപ്പെടുന്ന പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളിൽ ബഹുഭൂരിപക്ഷത്തിനും അവസരസമത്വവും സാമൂഹ്യ നീതിയും

LIBRARY ARCHIVES Kerala Legislative Assembly